കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

LSGD-IB1/132/2014-LSGD

തിരുവനന്തപുരം

തിയതി, 12.12.2014.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കടലാസ് രഹിത ഓഫീസ് യാഥാർത്ഥ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:-ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.11.2014 ലെ IKM/LoBE/CWG/2014/8218 നമ്പർ കത്ത്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുകയും ഫയൽ ചംക്രമണത്തിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സൂചിക' സോഫ്റ്റ് വെയർ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 'സൂചിക' സോഫ്റ്റ് വെയറിലൂടെ ഫയൽ ചംക്രമണം നടത്തുന്നില്ലായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കടലാസ് രഹിത ഓഫീസ് യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ ചംക്രമണം മുഴുവനായും ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ മുഖേന നിർവ്വഹിക്കേണ്ടതാണ്.
- 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഇനിയും വിന്യസിച്ചിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആയത് അടിയന്തിരമായി വിന്യസിക്കുന്നതിനും ടി സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനുള്ള നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.
- 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം ഇനിയും ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് 'കില' മുഖേന പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.

* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രോണിക് ഫയൽ ചംക്രമണം സംബന്ധിച്ച പുരോഗതി പതിവായി വിലയിരുത്തേണ്ടതും, ബന്ധപ്പെട്ട വകുപ്പ മേധാവികളും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ്. ഡയറക്ടറും പ്രതിമാസ പുരോഗതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും ബന്ധപ്പെട്ട വകുപ്പ്
മേധാവി മുഖേന
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Signature valid

Digitally signed by
KRUPANANDAN K R
Date: 2014.12.13 0?:42:09 IST
Reason: Approved